**വിഷയം**

വ്യക്തിത്വ വികസനം എങ്ങനെയാണ് ഒരു സ്ത്രീയുടെ ചലനാത്മകതക്ക് തടസ്സം നിൽക്കുന്നത് ?

1) ശൈശവം
2) ബാല്യം
3) കൗമാരം
4) യൗവ്വനം
5) വാർദ്ധക്യം

**ശൈശവം**

- ഗർഭാവസ്ഥയിൽ തന്നെ ആണകുട്ടിയാണോ പെൺകുട്ടിയാണോ എന്ന തിരിച്ചറിയാൻ തിടുക്കം കൂട്ടുന്നു. പെൺകുട്ടിയാണെങ്കിൽ പലപ്പോഴും അതിനെ ഗർഭപാത്രത്തിൽ വെച്ച് തന്നെ നശിപ്പിച്ച് കൊണ്ട് ജന്മാവകാശം പോലും നിഷേധിക്കപ്പെടുന്നു.
- ഒരു പെൺകുട്ടി ശൈശവ കാലം മുതൽ കുറെ അധികം അരുതുകൾ കേട്ടാണ് വളരുന്നത്. അത് വ്യക്തിത്വ വികസനത്തിന് തടസം നിൽക്കുന്നു.
- ശൈശവകാലഘട്ടത്തിൽ അമ്മമാരുടെ സ്നേഹ പരിലാളനകൾ ലഭിക്കാതെ വളരുന്ന കുട്ടികളുടെ വ്യക്തിത്വവികസനത്തിന് തടസമുണ്ടാക്കുന്നു
- പെൺകുട്ടിയായതുകൊണ്ട് സ്ത്രീധനം ഒരു ബാധ്യതയാകുമെന്ന് കരുതി രണ്ടാം തരം പരിഗണന ലഭിക്കുന്നത് വ്യക്തിത്വവികസനത്തിന് തടസമുണ്ടാക്കുന്നു
- ആൺകുട്ടികളോട് ഉള്ള പരിഗണന പെൺകുട്ടികൾക്ക് കൊടുക്കുന്നില്ല.
- കുട്ടികൾ കരയുമ്പോൾ പെൺകുട്ടികളാണെങ്കിൽ കരഞ്ഞോട്ടെയെന്നും ആൺകുട്ടികളാണെങ്കിൽ കരയിപ്പിക്കാൻ പാടില്ല എന്നും പറയുന്നു.

**ബാല്യം**

- കുട്ടികളെ വളർത്തുമ്പോൾ വസ്ത്രത്തിന്റെ കാര്യത്തിലും, കളപ്പാട്ടങ്ങൾ വാങ്ങിച്ചു കൊടുക്കുന്ന കാര്യത്തിലും ആൺപെൺ വേർതിരിവ് കാണിക്കുന്നു. ബാല്യത്തിൽ തന്നെ 'നീ ഒരു പെൺകുട്ടിയാണ്' എന്ന ഒരു വിലക്ക് വരാറുണ്ട്. ബാല്യകാലത്തിൽ തന്നെ പെൺകുട്ടികളെ ആൺകുട്ടികളിൽ നിന്ന് വേർത്തിരിക്കാറുണ്ട്. ഈ ഒരു വേർത്തിരിവ് കാരണം പെൺകുട്ടികൾ മിക്കവാറും എല്ലാറ്റിൽ നിന്നും മാറി നിൽക്കുന്നു.
- പല പെൺകുട്ടികളും ബാല്യകാലത്ത് തന്നെ ശാരിരികമായ പീഡനങ്ങൾക്ക് വിധേയരാകാറുണ്ട്. ഇത് അവരുടെ മാനസിക വളർച്ചയെ തന്നെ ബാധിക്കാറുണ്ട്.
- സ്കൂളുകളിൽ ആൺ പെൺ വേർതിരിവ് കാണുന്ന കുട്ടികളുടെ ചലനാത്മകതയ്ക്ക് ഇത് തടസ്സമുണ്ടാക്കുന്നു.
- ആൺകുട്ടികളുടെ കൂടെ കളിക്കാൻ പാടില്ല .
- ആൺ സഭകളിൽ പോയിരിക്കാൻ പാടില്ല.

**കൗമാരം**

- കൗമാര ദിശയിൽ സ്ത്രീക്ക് സംഭവിക്കുന്ന ശാരീരികമായ മാറ്റം അവളുടെ മാനസികമായ മാറ്റത്തിനും അതുവഴി സ്ത്രീയുടെ ചലനാത്മകതക്കും തടസ്സം സൃഷ്ടിക്കുന്നു.
- ഒരു പെൺകുട്ടിക്ക് അവളുടേതായ കാര്യത്തിന് ഒറ്റക്ക് പുറത്തു പോകാനുള്ള അനുവാദം ഇല്ല.
- ഉന്നത വിദ്യാഭ്യാസം നേടുന്നതിനുള്ള അവസരം പുരുഷനോളം സ്ത്രീക്ക് കിട്ടുന്നില്ല. അതുകൊണ്ട് ഉന്നതമായ ജോലിക്ക് അവസരം കിട്ടുന്നില്ല.
- പെൺകുട്ടികളെ കൂടുതൽ ഭയപ്പെടുത്തുന്ന കാര്യങ്ങൾ പറഞ്ഞ് അവരെ തന്നിലേക്ക് തന്നെ ഒതുക്കി നിർത്തുന്നതിന് ശ്രമിക്കുന്നു.

- വീടുകളിൽ അഭിപ്രായ സ്വാതന്ത്ര്യം പെൺകുട്ടികൾക്ക് ഇല്ല.
- കൗമാര്യത്തിൽ പെൺകുട്ടികൾക്ക് ശാരീരികമാറ്റങ്ങൾ വരുമ്പോൾ മാന സികാവസ്ഥയിലും മാറ്റം വരുന്നു. അതുകൊണ്ട് അവർ അകത്തളത്തി ലേക്ക് ഒതുങ്ങുന്നു. അതുപോലെ ആൺകുട്ടികളോട് ഇടപ്പെടുന്നതിൽ വിലക്കുകൾ സമൂഹം കൽപ്പിക്കുന്നു.
- പെൺകുട്ടികൾക്കായി പ്രത്യേക വസ്ത്രധാരണ രീതി തന്നെ സമൂഹം കല്പിച്ചുകൊടുക്കുന്നു.
- വിദ്യാഭ്യാസത്തിൽ പോലും പെൺകുട്ടികൾക്ക് അവളുടെ ഇഷ്ടത്തി നുള്ള വിദ്യാഭ്യാസമോ ജോലിയോ സ്വീകരിക്കുന്നതിൽ തടസം നേരിടു ന്നു.
- ബാല്യത്തിൽ കുട്ടികളെ സ്കൂളിൽ ചേർക്കുന്ന സമയത്തും ഈ വേർതി രിവ് കാണിക്കുന്നു.
- പെൺകുട്ടികൾ അടുക്കളയിൽ ഒതുങ്ങേണ്ടവരാണ് എന്ന ധാരണയിൽ അവരെ നല്ല സ്കൂളിൽ ചേർക്കണ്ട എന്ന തരത്തിലുള്ള തീരുമാനങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. മറിച്ച് അൺകുട്ടികൾക്ക് എത്ര പൈസ ചിലവാക്കിയാലും നല്ല വിദ്യാഭ്യാസം, നല്ല സ്കൂൾ എന്ന ഒരു ധാരണ ഉണ്ട്.
- ഭക്ഷണ കാര്യത്തിലും വിവേചനം കാണിക്കുന്നു.
- പെൺകുട്ടികൾ പ്രായപൂർത്തിയായാൽ ആൺകുട്ടികളുമായുള്ള സഹ വാസം പൂർണ്ണമായും നിഷേധിക്കുന്ന അവസ്ഥ.
- പ്രായപൂർത്തിയായി കഴിഞ്ഞാൽ പിന്നെ പുറത്ത് പോകാൻ പാടില്ല.
- പോതുവായ എല്ലാകാര്യങ്ങളിൽ നിന്നും ഒഴിവാക്കപ്പെടുന്ന ഒരു അവസ്ഥ യാണ്.
- എല്ലാ കാര്യങ്ങളിലും അവഗണന നേരിടേണ്ടുന്ന സാഹചര്യം ഉണ്ടാകുന്നു.സ്വന്തം വീടുകളിൽ പോലും ഒന്നും തുറന്നു പറയുവാനുള്ള സാഹചര്യം പലപ്പോഴും ഉണ്ടാകുന്നില്ല.
- നല്ല വിദ്യാഭ്യാസം ലഭ്യമാകാത്ത അവസ്ഥ. ടൂർ പോകുന്നതിനും മറ്റും വിലക്ക്

- മറ്റുള്ളവരുമായി ഇടപഴകാനുള്ള സ്വാതന്ത്ര്യം പലപ്പോഴും ലഭ്യമാകുന്നില്ല.
- ഓടാനും ചാടാനും ഉള്ള സ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്നു.
- ഉറക്കെ ചിരിക്കാനും, സംസാരിക്കാനും ഒറ്റക്ക് യാത്ര ചെയ്യുന്നതിനും കായിക വിനോദങ്ങളിൽ പങ്കെടുക്കുന്നതിനുമുള്ള വിലക്കുകൾ സൗഹൃദ ങ്ങളിൽ ആൺകുട്ടികളെ ഒഴിവാക്കാനും നിർബന്ധിതരാകുന്നു.
- കായിക വിദ്യാഭ്യാസം, ഇഷ്ടപ്പെട്ട ജോലി എന്നിവ തിരഞ്ഞെടുക്കുന്ന തിന് പെൺകുട്ടികൾക്ക് വിലക്ക് ഏർപ്പെടുത്തുന്നു.
- അതുപോലെ തന്നെ കൗമാരപ്രായത്തിൽ തന്നെ പെൺകുട്ടികളെ വിവാഹം ചെയ്ത് കൊടുക്കുന്ന ഒരു സമ്പ്രദായം നിലനിൽക്കുന്നു.
- പെൺകുട്ടികൾക്ക് വീട്ടിൽ നിന്നായാലും, യാത്രാ വേളകളിലും വിദ്യാല യങ്ങളിലായാലും ഒരുപാട് പീഢനങ്ങൾ ഏൽക്കേണ്ടി വരുന്നു. മാനസിക മായും ശാരീരികമായും.
- മാസമുറ സമയത്ത് നട്ടുച്ചക്കും, മൂവ്വന്തിനേരത്തും പുറത്തിറങ്ങി നട ക്കാൻ പാടില്ല. വേറെ ചെറിയ പുരയിൽ മാറിയിക്കണം.
- 7 ദിവസം കഴിഞ്ഞാൽ മാത്രമേ വീട്ടിലേക്ക് പ്രവേശിക്കാൻ പാടു ള്ളു.(അലിഖിത നിയമമായി ചിലയിടങ്ങളിലെങ്കിലും തുടരുന്നു)
- മുതിർന്നവർ സംസാരിക്കുന്നിടത്ത് വന്ന് നിൽക്കാനോ അഭിപ്രായങ്ങൾ പറയാനോ പാടില്ല.
- ഇഷ്ടത്തിനൊത്ത വസ്ത്രങ്ങൾ തിരിഞ്ഞെടുക്കാൻ പാടില്ല പൂരം-സിനിമ എന്നിവക്ക് വീട്ടുകാരുടെ കൂടെ മാത്രം പോയാൽ മതി
- വിവാഹ നിശ്ചയം കഴിഞ്ഞാൽ - ബന്ധു വീടുകളിലേക്ക് പോകാൻ വരന്റെ വീട്ടുകാരുടെ സമ്മതം ചോദിക്കണം.
- സന്ധ്യക്ക് വിളക്ക് കൊളുത്തുന്നതിന് മുമ്പ് വീട്ടിലെത്തണം.

**യൗവ്വനം**

- ഒരു പക്വത ആവുന്നതിന് മുമ്പ് തന്നെ പെൺകുട്ടിയെ വിവാഹം കഴിച്ചയക്കുന്നു.
- സ്വന്തമായ ഒരു അഭിപ്രായ സ്വാതന്ത്ര്യം പെൺകുട്ടിക്കില്ല.
- സ്ത്രീയുടെ ജീവിതത്തിൽ ഏറ്റവും അനിവാര്യമായത് വിവാഹജീവിതമാണെന്ന് സമൂഹം കൽപ്പിച്ചിരിക്കുന്നു.
- വിവാഹ ജീവിതവും തുടർന്നുള്ള ഗർഭാവസ്ഥയും കുഞ്ഞുങ്ങളെ പരിചരിക്കലുമായി വിവാഹജീവിതം മുന്നോട്ടുള്ള വ്യക്തിത്വ വികസനത്തിൽ ചലനാത്മകതക്ക് തടസ്സം നിൽക്കുന്നു.
- ജീവിത പങ്കാളിയെ കണ്ടെത്തുന്നതിന് സാഹചര്യം പോലും ഇല്ലാത്ത അവസ്ഥ.
- പെൺകുട്ടികൾക്ക് പഠിക്കുന്നതിനുപോലും വിലക്ക് ഏർപ്പെടുത്തുന്നു. ചെറുപ്രായത്തിൽ തന്നെ വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന പെൺകുട്ടി, അമ്മയാകുന്ന പെൺകുട്ടി ജീവിത പ്രയാസങ്ങളിൽ ഉൾപ്പെടുന്നവൾ വീടുകളിൽ തളച്ചിടപ്പെടുന്നു.
- വീട്ടുകാർ സ്ത്രീകൾ അടുക്കളയിൽ മാത്രം ഒതുങ്ങേണ്ടവളാണെന്ന സാമൂഹിക ചിന്തയാൽ സ്ത്രീയുടെ ചലനാത്മകഥയും സ്വാതന്ത്ര്യവും തടസ്സപ്പെടുത്തുന്നു.
- സ്വന്തം മക്കളുടെ കാര്യത്തിൽപോലും സത്രീകളുടെ അഭിപ്രായത്തിന് വിലയില്ലാത്ത സാഹചര്യത്തിൽ ചലനാത്മകത തടസപ്പെടുന്നു. (പേരിടൽ മുതൽ വിവാഹം വരെ)
- വിവാഹശേഷവും ഭർത്താവിന്റെ ഇഷ്ടത്തിന് ജീവിക്കേണ്ടിവരുന്നു. വിവാഹശേഷം സ്വന്തം ശരീരത്തിൻ മേൽ പോലും സ്വതന്ത്രം അനുഭവിക്കാൻ സ്ത്രികൾക്ക് സാധിക്കുന്നില്ല.
- അമ്മയായ ശേഷവും അവൾ മക്കളുടെയും ഭർത്താവിന്റെയും ഇഷ്ടത്തിന് ജീവിക്കേണ്ടിവരുന്നു.
- ആഗ്രഹിച്ച ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഇല്ല. വീട്ടുകാർ ആരെ നിശ്ചയിക്കുന്നു അവരെ കല്ല്യാണം കഴിക്കണം.
- അച്ചനും വീട്ടുകാരും നിശ്ചയിക്കുന്ന ആളെ നമ്മൾ വിവാഹം കഴിക്കുന്നു. അതിന് പെൺകുട്ടിയോട് അഭിപ്രായം ചോദിക്കുന്നില്ല.

- വിവാഹകാര്യത്തിൽ സ്വന്തമായ അഭിപ്രായം പെൺകുട്ടികൾക്ക് എടുക്കാൻ കഴിയാറില്ല.
- സ്വന്തം വീട്ടിൽ ഓമനയായി വളർന്ന പെൺകുട്ടി ഭർതൃവീട്ടിൽ ചെല്ലുമ്പോൾ ഒരു പാട് തിക്താനുഭവങ്ങൾ നേരിടേണ്ടി വരുന്നു.
- ജോലിക്കു പോകാനുള്ള അവരുടെ ആഗ്രഹത്തെ നിഷേധിക്കുന്നു. പിന്നെ സ്വന്തമായി വരുമാനം ഉള്ള പെൺകുട്ടിക്ക് അവളുടെ വരുമാനം ഇഷ്ടത്തിന് ചിലവഴിക്കാൻ സാധിക്കുന്നില്ല.

**വാർദ്ധക്യം**

- വാർദ്ധക്യം കടന്ന് വരുമ്പോൾ സ്ത്രീകൾ ഒറ്റപ്പെടുന്ന അവസ്ഥയാണ്. ശാരീരികമായും സാമ്പത്തികമായും, മാനസികമായും ക്ഷീണിച്ച അവസ്ഥയിൽ അവൾ വിധവ കൂടിയാണെങ്കിൽ പ്രത്യേകിച്ച് അവർ അവഗണിക്കപ്പെടുന്നു. തന്റെ നല്ലകാലം മുഴുവൻ കുടുംബത്തിനുവേണ്ടി ചിലവഴിച്ച സ്ത്രിക്ക് വേണ്ടത്ര പരിചരണമോ സ്വാന്തനമോ ലഭിക്കുന്നില്ല.
- അഭിപ്രായങ്ങൾ തീരെ എടുക്കാറില്ല. ഈ ഒറ്റപ്പെടൽ മാനസികാവസ്ഥ വരെ തകരാറിലാക്കുന്നുണ്ട്.
- വാർദ്ധക്യത്തിൽ പോലും സ്ത്രീകൾക്ക് പുരുഷന്മാരിൽ നിന്ന് ശാരീരികമായി പീഡനങ്ങൾ ഏൽക്കാറുണ്ട്.
- പ്രായമായവർക്ക് സമൂഹത്തിലായാലും വീട്ടിലായാലും ഒരു പരിഗണനയും നൽകാറില്ല.
- ഇതിന് ഒരു മാറ്റം വരണമെങ്കിൽ സ്ത്രീകൾ തന്നെ മുന്നോട്ടിറങ്ങി അവരുടെ മനോഭാവത്തിന് മാറ്റം വരുത്തണം.
- മക്കളുടെ സംരക്ഷണയിൽ കഴിയുന്നവർ അവരുടെ ഇഷ്ടത്തിനു മാത്രം ജീവിക്കുന്ന അവസ്ഥയിൽ സ്വാതന്ത്ര്യം ഹനിക്കപ്പെടുന്നു.
- ഒരു സത്രീയുടെ ജനനം മുതൽ മരണം വരെ ഒരു വ്യക്തിയുടെ അവകാശങ്ങളെ നിഷേധിക്കുന്നു.